# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.90/PR/PIC/PHQ/17 Date : 26.04.2017

---

## പദ്ധതി വിനിയോഗം 96 ശതമാനം; പോലീസിൽ കുറ്റാന്വേഷണവും ക്രമസമാധാനവും മെച്ചപ്പെടുത്താൻ വിവിധ പദ്ധതികൾ

പദ്ധതി നിർവ്വഹണത്തിലും വിനിയോഗത്തിലും കേരള പോലീസിന് മികച്ച നേട്ടം. സംസ്ഥാന പദ്ധതി ഇനത്തിൽ ലഭിച്ച തുകയുടെ 96 ശതമാനം ചെലവഴിക്കാൻ കഴിഞ്ഞതിലൂടെയാണ് ഈ നേട്ടം കൈവരിക്കാനായത്. ഒട്ടാകെ 46 കോടി രൂപയുടെ വികസന പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കി.

സ്മാർട്ട് പോലീസിങ്, ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങൾ, മൊബൈൽ ആപ്ലിക്കേഷനുകൾ, സ്ത്രീസുരക്ഷാപദ്ധതികൾ, പരിശീലന സംവിധാനങ്ങളുടെ ആധുനികവത്കരണം എന്നീ മേഖലകളിലാണ് ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചത്.

കുറ്റാന്വേഷണവും ക്രമസമാധാനവും മെച്ചപ്പെടുത്തുന്നതിനും സ്ത്രീസുരക്ഷയ്ക്കുമാണ് ഈ വർഷം പദ്ധിതയിൽ ഊന്നൽ നൽകിയതെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു.

100 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് സ്റ്റേഷനുകളാക്കി. സൈബർ ഫോറൻസിക്കിൽ നിരവധി വർഷങ്ങൾക്കുശേഷം 100 പേർക്ക് വിദഗ്ധപരിശീലനം നല്കി. സൈബർ സെൽ, സൈബർ പോലീസ് സ്റ്റേഷൻ ജീവനക്കാർക്ക് ഏറ്റവും ആധുനികമായ പരിശീലനം നല്കി. പോലീസ് ഫോട്ടോകൾ കേന്ദ്രീകൃതമായി സൂക്ഷിക്കുന്നതിന് ആധുനിക ഫോട്ടോ ആർക്കൈവ് സംവിധാനം ഏർപ്പെടുത്തി.

ശാസ്ത്രീയ കുറ്റാന്വേഷണത്തിന് ആധുനികമായ ചോദ്യംചെയ്യൽ മുറികൾ ജില്ലകളിൽ സ്ഥാപിച്ചതും ഇതിന്റെ ഭാഗമായാണ്. 19 പോലീസ് ജില്ലകളിലും മൊബൈൽ ഫോറൻസിക് യൂണിറ്റ് സ്ഥാപിച്ചു. തൃശ്ശൂർ പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിങ് കോളേജിലും പരിശീലന സംവിധാനങ്ങൾ പരിഷ്കരിച്ചു. സൈബർകുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിനും കാക്കി ഹാറ്റ്സ്, സൈബർ ഡോമിൽ ഇന്റർനെറ്റ് മോണിറ്ററിങ്ങിനും

ധനകാര്യ കുറ്റകൃത്യങ്ങളുടെ മോണിറ്ററിങ്ങിനും പുതിയ സംവിധാനം എന്നിവ സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സഹായമാകുമെന്നും അദ്ദേഹം പറഞ്ഞു. പോലീസ് അക്കാദമിയിലും ട്രെയിനിങ് കോളേജിലും സ്മാർട്ട് ക്ലാസ് റൂമുകൾ, ക്യാമ്പസ് വൈഫൈ, ഇ-ലേണിങ്, സൈബർ ഫോറൻസിക് ലാബ് എന്നിവ ഉൾപ്പെടുത്തി നവീകരിച്ചു. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സി.യു.ജി. സിം നൽകി. പോലീസ് സേവനങ്ങൾ പൊതുജനങ്ങൾക്കു ലഭിക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷനുകളും പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ചു. വിവരങ്ങൾ അറിയിക്കുന്നതിനും പോലീസുമായി ബന്ധപ്പെടുന്നതിനുമുള്ള മൊബൈൽ ആപ്ലിക്കേഷൻ, ഓൺലൈൻ പണമടവിനും കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും സ്ത്രീസുരക്ഷയ്ക്കുമുള്ള മറ്റു ആപ്ലിക്കേഷനുകൾ എന്നിവയാണ് ഇതിന്റെ ഭാഗമായി നിലവിൽ വരുന്നത്.

സ്ത്രീസുരക്ഷയ്ക്കായുള്ള പിങ്ക് പട്രോൾ സംവിധാനം ആറു നഗരങ്ങളിൽ ആരംഭിച്ചതിന് പുറമേ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനത്തിന്റെ ഭാഗമായി ഒരു ലക്ഷത്തിലേറെ വനിതകൾക്ക് പരിശീലനം നല്കി. ജില്ലകളിൽ ഇതിനായി ജില്ലാ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. വനിതകൾക്കായി മൂന്ന് മൊബൈൽ കൗൺസിലിങ് കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

ഇതിന്റെ തുടർച്ചയായി കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗപ്പെടുത്തി കുറ്റാന്വേഷണം, ട്രാഫിക് മാനേജ്മെന്റ്, സൈബർ ക്രൈം ഉൾപ്പെടെയുള്ള മേഖലകളിൽ കൂടുതൽ ആധുനികവത്കരണം നടപ്പാക്കുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

**************